കോ–ഓർഡിനേഷൻ കമ്മിറ്റി

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 06/2022 | 19.03.2022

# നുണ പ്രചരണങ്ങളുടെ മുനയൊടിഞ്ഞു

## കേരള ഗ്രാമീണ ബാങ്കിനാവശ്യമായ മൂലധനം സംസ്ഥാന ബജറ്റിൽ വകയിരുത്തി...!!!

സഖാക്കളെ,

കോട്ടയം ജില്ലയിലെ വെള്ളൂരിലുണ്ടായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ പറ്റി കേട്ടിട്ടില്ലേ? കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഈ പൊതുമേഖലാ സ്ഥാപനം നഷ്ടം വരുത്തി, അടച്ചു പൂട്ടി, വിൽക്കാൻ തീരുമാനിച്ചതായിരുന്നു. അഞ്ഞൂറോളം സ്ഥിരം ജീവനക്കാരും ഏകദേശം അത്ര തന്നെ താൽക്കാലിക തൊഴിലാളികളും ഉണ്ടായിരുന്ന ഈ സ്ഥാപനം 2015-16 സാമ്പത്തിക വർഷം വരെ ലാഭത്തിൽ പ്രവർത്തിച്ചു വന്നതാണ്. സ്ഥാപനത്തെ നഷ്ടത്തിലാക്കി സ്വകാര്യ മുതലാളിമാർക്ക് ഏൽപ്പിച്ചു കൊടുക്കുക എന്നതായിരുന്നു മനസ്സിലിരിപ്പ്. 2018 ഡിസംബർ മുതൽ ജീവനക്കാർക്ക് ശമ്പളം കൊടുക്കാതായി. ഈ വിഷമമേറിയ സാഹചര്യത്തിൽ ആത്മഹത്യകൾ ഉണ്ടായി. എടുത്ത വായ്പ തിരിച്ചടക്കാതായതിനെ തുടർന്ന് വായ്പ കൊടുത്ത ബാങ്കുകൾ NCLT യെ സമീപിച്ചു. അവിടെ കേരള ഗവൺമെന്റിന്റെ ഒരു ശബ്ദം കേൾക്കാറായി. ഉടമസ്ഥൻ കേന്ദ്ര ഗവൺമെന്റ് ആണെങ്കിലും സ്ഥാപനം നശിപ്പിച്ചതിന്റെ ഉത്തരവാദിത്തം കേന്ദ്ര ഗവൺമെന്റിനാണെങ്കിലും സ്ഥാപനം നശിപ്പിച്ച് 800 ഏക്കറോളം വരുന്ന കണ്ണായ സ്ഥലം റിയൽ എസ്റ്റേറ്റ് മാഫിയക്ക് ഏൽപ്പിച്ചു കൊടുക്കാനുള്ള നീക്കം ചെറുക്കും. നിലവിലെ 260 സ്ഥിരം തൊഴിലാളികൾക്കും ഇരുനൂറോളം താൽക്കാലിക തൊഴിലാളികൾക്കും ആശ്വാസം പകർന്ന ആ വാർത്ത പുറത്തു വരിക മാത്രമല്ല അതിനാവശ്യമായ തുക അടച്ച് കേന്ദ്ര ഗവൺമെന്റ് വിൽപനക്ക് വെച്ച ആ സ്ഥാപനം ഏറ്റെടുക്കുകയും അത് പൂർണമായ നിലയിൽ പ്രവർത്തിക്കാൻ ആവശ്യമായ റിപ്പയർ നടപടികൾ നടന്നുവരികയും ചെയ്യുന്നു.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന, കേന്ദ്ര ഗവൺമെന്റ് വിൽപനക്ക് വെച്ച സ്ഥാപനം സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് (KPPL) ആയി മാറിയ കഥ പറഞ്ഞതെന്തിനെന്ന് ചിലരെങ്കിലും അത്ഭുതപ്പെടുന്നുണ്ടാവും. സമീപകാലത്ത് നമ്മുടെ ബാങ്കിനകത്തും കേരളത്തിലെ ചില 'പ്രമുഖ' പത്രമാധ്യമങ്ങളിലും കേരള സർക്കാർ അതിന് ചെറുതെങ്കിലും ഉടമസ്ഥാവകാശമുള്ള കേരള ഗ്രാമീണ ബാങ്കിന്റെ ഓഹരികൾ സ്വകാര്യ മേഖലക്ക് കൈമാറി നമ്മുടെ ബാങ്കിനെ സ്വകാര്യവൽക്കരിക്കാൻ പോവുകയാണ് എന്ന, നാം മുൻ സർക്കുലറിൽ സൂചിപ്പിച്ചതു പോലെ high voltage campaign അഴിച്ചുവിട്ടത്. കേരള ഗവൺമെന്റിന്റെ നയം ആദ്യ പാരഗ്രാഫിൽ സൂചിപ്പിച്ചതായിരിക്കെ, സ്വകാര്യവൽക്കരണത്തിന് ഈ സർക്കാർ പച്ചക്കൊടി കാട്ടുമോ? യുക്തിഭദ്രമായ ആ ചോദ്യം ചോദിക്കാനോ അതിന് യുക്തിസഹമായ ഉത്തരം കണ്ടെത്താനോ മാതൃഭൂമിയുടെ റിപ്പോർട്ടർക്കോ അദ്ദേഹത്തിന് വാർത്തകൾ എത്തിച്ചു കൊടുക്കുന്ന ഹെഡ് ഓഫീസിലെ നേതാവിനോ താൽപര്യമുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിലാണ് KPPL രൂപീകരണത്തിലേക്ക് എത്തിയ കഥ ഹ്രസ്വമായി പറഞ്ഞത്.

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയങ്ങൾക്ക് എതിരാണെങ്കിലും ഗ്രാമീണ ബാങ്ക് സ്വകാര്യവൽക്കരണം നിയമപരമായി ചെയ്യാൻ കഴിയുന്ന ഒന്നായി എങ്ങനെ മാറി? നേരത്തെ പറഞ്ഞ നേതാവിന്റെ പാർടി കേന്ദ്ര ഭരണം നടത്തുന്ന കാലഘട്ടത്തിലാണ് ഗ്രാമീണ ബാങ്ക് സ്വകാര്യവൽക്കരിക്കുന്ന ബിൽ പാർലമെന്റിൽ അവതരിപ്പിക്കുന്നത്. പിന്നീട് അധികാരത്തിൽ വന്ന ബി.ജെ.പി ഇത് നിയമമാക്കി. രാജ്യസഭയിൽ ഭൂരിപക്ഷമില്ലാതിരുന്ന ബി.ജെ.പിക്ക് കോൺഗ്രസ്സ് വോട്ടു ചെയ്തു. ഈ നിയമത്തിലെ വകുപ്പുകൾ ഉപയോഗപ്പെടുത്തി, കേരള സർക്കാർ കേരള ഗ്രാമീണ ബാങ്കിന് നൽകേണ്ട അധിക മൂലധനം മാർക്കറ്റിൽ നിന്ന് കണ്ടെത്തണം എന്നാണ് ചില ഉദ്യോഗസ്ഥന്മാർ നിർദ്ദേശിച്ചത്. മാർക്കറ്റിൽ നിന്നും മൂലധനം കണ്ടെത്തുക എന്നാൽ സ്വകാര്യവൽക്കരിക്കുക എന്നാണർത്ഥം. ഇത് ഇടതുപക്ഷ നയത്തിന് എതിരായതിനാൽ രാഷ്ട്രീയപരമായ തീരുമാനം തന്നെ എടുക്കേണ്ടിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ CITU സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം MP, ഇടതുപക്ഷ ജനാധിപത്യ മുന്നണി കൺവീനർ സ.എ.വിജയരാഘവൻ, സി.പി.ഐ (എം) സംസ്ഥാന ജനറൽ സെക്രട്ടറി സ.കോടിയേരി ബാലകൃഷ്ണൻ, ധനകാര്യ മന്ത്രി സ.കെ.എൻ.ബാലഗോപാൽ എന്നിവരെ കണ്ട് പ്രശ്നത്തിന്റെ ഗൗരവാവസ്ഥ ബോധ്യപ്പെടുത്തി. ഇവരെല്ലാം ഏക സ്വരത്തിൽ ഒരു കാര്യം വ്യക്തമാക്കി 'പാർടിയുടെയും ഗവൺമെന്റിന്റെയും നയത്തിന് വിരുദ്ധമായ ഒരു നീക്കം സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാവില്ല' എന്നതായിരുന്നു അത്. CITU സംസ്ഥാന ഭാരവാഹിയോഗവും CPI(M) സംസ്ഥാന സെക്രട്ടേറിയറ്റും ഈ വിഷയം ചർച്ച ചെയ്തു എന്നാണ് നമുക്ക് കിട്ടിയ വിവരം. CITU സംസ്ഥാന വൈസ് പ്രസിഡണ്ട് സ.ടി.പി.രാമകൃഷ്ണൻ

kartine29.deviantart

ഉന്നയിച്ച സബ്മിഷന് മറുപടി പറഞ്ഞു കൊണ്ട് ധനകാര്യ മന്ത്രി സ.കെ.എൻ.ബാലഗോപാൽ കേരള ഗവൺമെന്റിന്റെ നയം കേരള നിയമസഭയിൽ വ്യക്തമാക്കിയതും എല്ലാവർക്കും അറിയാവുന്നതാണല്ലോ...!

ഏതെങ്കിലും ആളുകൾക്ക് എന്തെങ്കിലും തരത്തിലുള്ള ആശങ്കകൾ ഉണ്ടായിരുന്നെങ്കിൽ അവയെല്ലാം അവസാനിപ്പിക്കുമാറ് കേരളത്തിന്റെ ധനകാര്യ മന്ത്രി അദ്ദേഹത്തിന്റെ ബജറ്റ് പ്രസംഗത്തിൽ തന്നെ കേരള ഗ്രാമീണ ബാങ്കിന് അധിക മൂലധനമായി 91.75 കോടി രൂപ മാറ്റി വെച്ചിരിക്കയാണ്. GST കോമ്പൻസേഷൻ ആയി കേന്ദ്ര ഗവൺമെന്റ് നൽകേണ്ട 3641 കോടി രൂപ നൽകാതെ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി വരിഞ്ഞുമുറുക്കുന്ന സാഹചര്യത്തിൽ പോലും പൊതുമേഖലയെ ശക്തിപ്പെടുത്താൻ എടുത്ത സംസ്ഥാന സർകാരിന്റെ തീരുമാനത്തെ അഭിവാദ്യം ചെയ്യുന്നു.

കേരള ഗവൺമെൻറിന്റെ ഒരു ഉദ്യോഗസ്ഥൻ വരുത്തിയ തെറ്റായ ഒരു നിലപാട് രാഷ്ട്രീയപരമായ ഇടപെടലിലൂടെ തിരുത്തിയ കേരള സർക്കാരിന്റെ നടപടിയുടെ പശ്ചാത്തലത്തിൽ രാഷ്ട്രീയപരമായ തെറ്റായ നടപടി സ്വീകരിച്ച (ഗ്രാമീണ ബാങ്ക് സ്വകാര്യവൽക്കരണം) ബി.ജെ.പി, കോൺഗ്രസ്സ് സംഘടനകൾ തങ്ങളുടെ തെറ്റ് ഏറ്റു പറഞ്ഞ് തിരുത്തുമോ എന്നതാണ് ഗ്രാമീണ ബാങ്കിലെ ജീവനക്കാർ ശ്രദ്ധയോടെ ഇനി വീക്ഷിക്കാൻ പോകുന്നത്.

**അഭിവാദനങ്ങളോടെ,**


**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU
Mob: 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU
Mob: 9447383184


**വാൽകഷണം:**

മാധ്യമപ്രവർത്തകൻ ശ്രീ.എം.വി. സൂര്യദാസും അയാൾക്ക് റിപ്പോർട്ട് എത്തിച്ചുകൊടുക്കുന്ന ഹെഡ്ഓഫീസിലെ ഏട്ടനും ഈനാട്ടിലൊക്കെ ഉണ്ടല്ലോ അല്ലേ ? ഒച്ചയൊന്നും ഇല്ലാത്തതുകൊണ്ട് ചോദിച്ചതാണ്.